**കേരള സർക്കാർ**

**വിവര പൊതുജന സമ്പർക്ക വകുപ്പ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്
2018 സപ്തംബർ 04 ചൊവ്വ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ദുരന്തനിവാരണം; ഭരണകൂടവുമായി യുവജനസമ്പർക്കം വേണം-ജില്ലാ കളക്ടർ

പ്രളയദുരന്തമുണ്ടായ കേന്ദ്രങ്ങളിൽ സഹായം എത്തുന്നതുമായി ബന്ധപ്പെട്ട് യുവജനസംഘങ്ങളും, യൂത്ത്ക്ലബുകളും ജില്ലാ ഭരണകൂടവുമായി സമ്പർക്കം പുലർത്തണമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു. ജില്ലാ ആസൂത്രണ സമിതിഹാളിൽ യുവജന ക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്യാമ്പയിനും, ആദരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കയായിരുന്നു കളക്ടർ.

സഹായധനം കൃത്യമായ കേന്ദ്രങ്ങളിൽ തന്നെ എത്തുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ജാഗ്രത നൽകുന്നവർക്ക് ഉണ്ടാകണം. ഇതിന് യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തണം. ദുരിതകേന്ദ്രങ്ങളിൽ സഹായത്തിനു പോകുന്നവർ ആരോഗ്യ പ്രതിരോധ കാര്യത്തിലും കാര്യമായ ശ്രദ്ധയുണ്ടാകണം. ഔദ്യോഗിക അറിയിപ്പുകൾ പാലിച്ചിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ജില്ല യൂത്ത്പ്രോഗ്രാം ഓഫീസർ കെ.പ്രസീത ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ സുഗതൻ ഇ.വി., യുവജനകമ്മീഷൻ അംഗം കെ.മണികണ്ഠൻ,ആർ സഹീർ എന്നിവർ സംസാരിച്ചു. യുവജന ക്ഷേമബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ എ.വി.ശിവപ്രസാദ് സ്വാഗതവും, സുരേഷ് വയമ്പിൽ നന്ദിയും പറഞ്ഞു.

ഫോട്ടോ. ജില്ലാ ആസുത്രണ സമിതിഹാളിൽ യുവജന ക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്യാമ്പയിനും, ആദരണവും ഉദ്ഘാടനം ചെയ്ത് കളക്ടർ സംസാരിക്കുന്നു.

## പ്രളയബാധിത മേഖലയിലെ കുട്ടികൾക്ക് പഠനോപകരണങ്ങളുമായി ജൂനിയർ റെഡ്ക്രോസ്

പ്രളയബാധിത മേഖലയിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി മാതൃകയാവുകയാണ് ജൂനിയർ റെഡ്ക്രോസ്.ജില്ലയിലെ ജെ ആർ സി കൗണ്ടസിലർമാരുടെയും കേഡറ്റുകളുടെയും സഹകരണത്തോടെ അമ്പതോളം വിദ്യാലയങ്ങളിൽ നിന്നായി രണ്ടുലക്ഷത്തോളം രൂപയുടെ പഠനോപകരണങ്ങൾ ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബുവിന് വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ.ഗിരീഷ് ചോലയിൽ കൈമാറി. ജെ ആർ സി ജില്ലാകോഡിനേറ്റർ കെ അനിൽ കുമാർനേതൃത്വംനല്കിബാഗ്,നോട്ടുബുക്ക്,കുട,പെൻസിൽ,ഇൻസ്ട്രുമെൻറ്ബോക്സ്, വാട്ടർ ബോട്ടിൽ ,സ്കെയിൽ, റബ്ബർ തുടങ്ങി കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ സാധനങ്ങളാണ് വിതരണം ചെയ്തത് .റെഡ്ക്രോസ് ജില്ലാ സെക്രട്ടറി എം വിനോദ്,ചെയർമാൻ എച്ച് എസ് ഭട്ട്,ട്രഷറർ സുരേഷ്,സെമീർതെക്കിൽ ,ജ്യോതിടീച്ചർ ,നാരായണൻകുട്ടി,കണ്ണൻമാഷ്,തുടങ്ങിയവർ സംസാരിച്ചു.വിവിധ വിദ്യാലയങ്ങളിലെ കൗൺസിലർമാരും കുട്ടികളും സംബന്ധിച്ചു.

ഫോട്ടോ.പ്രളയ ബാധിത മേഖല യിലെ കുട്ടികൾക്ക് ജൂനിയർ റെഡ് ക്രോസ്സ്

പഠനോപകരണങ്ങൾ കൈമാറുന്നു

## ലോക സാക്ഷരതാദിനാചരണവും അനുമോദനവും 7 ന്

ലോക സാക്ഷരതാ ദിനത്തോടനുബന്ധിച്ച് ജില്ലാ സാക്ഷരതാമിഷൻ സെപ്തം ബർ 7 ന് രാവിലെ 10.30 ന് ഡി.പി.സി ഹാളിൽ സാക്ഷരതാദിനാചരണവും, പഠന കേന്ദ്രം ഭാരവാഹികളുടെ കൂട്ടായ്മയും സംഘടിപ്പിക്കുന്നു. സാക്ഷരതാമിഷൻ ഹയർ സെക്കണ്ടറി തുല്യത പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിന് ചേർന്നവരെ പരിപാടിയിൽ അനുമോദിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ ജി സി ബഷീർ ഉദ്ഘാടനം ചെയ്യും.

## വൈകല്യം ബാധിച്ചവരുടെ കുടുംബത്തിന് സഹായം

നാഷണൽ ട്രസ്റ്റ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി,ഓട്ടിസം ബഹു വൈകല്യം എന്നിവ ബാധിച്ച വ്യക്തികളുള്ള കുടുംബ ങ്ങൾക്ക് പ്രകൃതിക്ഷോഭത്തിന്റെ ഫലമായി വീട്, കിണർ, ശുചിമുറി മുതലായ വയ്ക്കും മറ്റു വസ്തുവകകൾക്കും പൂർണ്ണമായോ, ഭാഗികമായോ നാശം സംഭവിച്ചി ട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ തുകയും കളക്ടറേറ്റ് , ജീല്ലാ സാമൂഹ്യനീതി ഓഫീസ്, കാഞ്ഞങ്ങാട് ആനന്ദാശ്രമം, റോട്ടറി സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ സമർപ്പിക്കണം.

## വിദഗ്ദതൊഴിൽ അറിയാവുന്നവർ നഗരസഭയിൽ രജിസ്റ്റർ ചെയ്യണം

കാഞ്ഞങ്ങാട് നഗരസഭയിലുള്ളവർക്ക് ഒരുഫോൺ വിളിയിലൂടെവിവിധ ജോലികൾക്കായി ആളുകളെ ലഭ്യമാകുന്ന പദ്ധതിയിലേക്ക് വിവിധ തൊഴിലുകൾഅറിയാവുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുടുംബശ്രീ, ദേശീയ നഗര ഉപജീവനമിഷൻ എന്നിവയുമായിസഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വിദഗ്ദ്ധതൊഴിലാളികളെ ഒരു കുടക്കീഴിൽ അണി നിരത്തുകയുംആവശ്യക്കാർക്ക്ഒരുഫോൺ വിളിയിലൂടെ പരിശീലനം സിദ്ധിച്ചവരെ അവിടെഎത്തിക്കുന്നതിനുംഅതിലൂടെ ധാരാളംതൊഴിൽ അവസരങ്ങൾസൃഷ്ടിക്കുന്നതിനുംദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുന്നതിനുംകൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ മേഖയിൽജോലി ചെയ്യാൻ താത്പര്യമുള്ളവരിൽ നിന്നും നഗരസഭ അപേക്ഷ ക്ഷണിച്ചു. പേര് രജിസ്റ്റർചെയ്യുന്നതിന് നഗരസഭയുമായി ബന്ധപ്പെടേണ്ടതും രജിസ്ട്രേഷൻ ഫീസ് 250/-രൂപ അടക്കേണ്ടതുമാണ്.

ഈ പദ്ധതിയുടെ ഭാഗമായിതാഴെ പറയുന്ന ജോലികൾ ചെയ്യാൻ യോഗ്യതയുള്ളകാഞ്ഞങ്ങാട് നഗരസഭാ നിവാസികളായസ്ത്രീ പുരുഷൻമാരുടെ ഒരു ടീം രൂപീകരിക്കുന്നു. പെയിന്റർ, ഇലക്ട്രീഷ്യൻ, ഗൃഹോപകരണസർവ്വീസിംഗ്, പ്ലംബർ, ആശാരി, മേസ്തിരി, കൂലിപ്പണി, തേങ്ങ പറിക്കൽ, ഡ്രൈവിംഗ്, കമ്പ്യൂട്ടർ സർവ്വീസിംഗ്, വീടുകളുംഓഫീസുകളുംവൃത്തിയാക്കൽ, വിട്ടുജോലി, കിണർ റീ ചാർജിംഗ്എന്നീമേഖലകളിൽ പരിചയമുള്ളസ്ത്രീ പുരുഷൻമാർ **നഗരസഭയിലെ എൻ.യു.എൻ.എം യൂണിറ്റിൽസെപ്തംബർ 12** നകംഅപേക്ഷ സമർപ്പിക്കണം.പരിശീലന ഫീസ് ഒരാൾക്ക് മൂന്നു ദിവസത്തേക്ക് 531 രൂപ.

## കുടുംബശ്രീ ജില്ലാമിഷന്റെ മൂന്നാമത് ബാച്ച് ശുചീകരണ ദൗത്യം സംഘം ചെങ്ങന്നൂരിലേക്ക് പുറപ്പെട്ടു

കുടുംബശ്രീ കാസറഗോഡ് ജില്ലമിഷന്റെ മൂന്നാമത് ബാച്ച് ശുചീകരണ ദൗത്യ സംഘം_ആലപ്പുള ജില്ലയിലെ ചെങ്ങന്നൂരിലേക്ക് പുറപ്പെട്ടു. പ്രളയ ബാധിത ജില്ലക ളായ വയനാടിലും തൃശ്ശൂരിലും ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെ എത്തിക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഊർജ്ജം ഉൾക്കൗണ്ട് കൊണ്ട് ജില്ലയിലെ 44 അംഗങ്ങളടങ്ങുന്ന ബാച്ച് ചെങ്ങന്നൂരിലേക്ക് യാത്ര തിരിച്ചു. കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് റവന്യൂ വകുപ്പ് മന്ത്രി ശ്രീ ഇ ചന്ദ്ര ശേഖരൻ ഫ്ലാഗ് ഓഫ് ചെയ്തു. ചടങ്ങിൽ കാഞ്ഞങ്ങാട് മുനിസിപ്പൽ ചെയർമാൻ ശ്രീ വി രമേശൻ, ജില്ലാമിഷൻ കോർഡിനേറ്റർ ടി ടി സുരേന്ദ്രൻ, എ ഡി എം സിമാരായ ജോസഫ് പി,പ്രകാശൻ പി, ഹരിദാസ് ഡി , മുനിസിപ്പൽ കൗൺസി

ലർമാർ, ചെയർപേഴ്സൺമാർ, വൈസ്ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുത്തു. 44 അംഗങ്ങളടങ്ങിയ ടീം ചൊവ്വ, ബുധൻ ദിവസങ്ങളിലായി ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതരാകും.

## ലാബ് ടെക്നീഷ്യൻ നിയമനം

കാസറകോട് ജനറൽ ആശുപത്രിയിലെക്ക് ലാബ് ടെക്നീഷ്യൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും. യോഗ്യത- കേരള സർക്കാർ അംഗീകൃത ഡി.എം.എൽ.ടി. അല്ലെങ്കിൽ തത്തുല്യ യോഗ്യത. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുമായി ഈ മാസം 10 ന് രാവിലെ 10 മണിക്ക് ജനറൽ ആശുപത്രി ഓഫീസിൽ കൂട്ക്കാഴ്ചയ്ക്ക് ഹാജരാകണം.

## ലേലം ചെയ്യും

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കാസറഗോഡ് പഴയ കെട്ടിടം നവീകരിച്ചതിനു ശേഷമുള്ള ഓടുകളും എടുത്ത് മാറ്റിയ ജനലുകളും മറ്റു സാധനസാമഗ്രികളും ഈ മാസം ആറിന് ന് 11 മണിക്ക് ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ.04994227420

## പാഠപുസ്തക വിതരണം

പ്രളയംകാരണം പാഠപുസ്തകങ്ങൾ നഷ്ടപ്പട്ട 1 മുതൽ 10 വരെ ക്ലസ്സുകളിലെ സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനുള്ള വാല്യം-1 പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചു. സെപ്തംബർ ഒന്നിന് പാഠപുസ്തക വിഭാഗത്തിൽ നിന്നും നൽകിയ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് അനുസരിച്ചാണ് കെ.ബി.പി.എസിൽ നിന്നും പാഠപുസ്തകങ്ങൾ അതാത് ജീല്ലാ ഡിപ്പോകളിലെക്കും ജില്ലാ ഡിപ്പോകളിൽ നിന്നും അതാത് ഉപജില്ലാ വിദ്യാഭ്യസ ഓഫീസറുടെ കാര്യലയത്തിലും എത്തിച്ചു നൽകുന്നത്. നഷ്ടപ്പെട്ട പാഠപുസ്തകങ്ങളുടെ പൂർണ്ണമായ ഇൻഡന്റ് പാഠപുസ്തക വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തയാക്കുമെന്ന് കെ.ബി.പി.എസ് , എം.ഡി അറിയിച്ചു.

## റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രായോഗിക പരിശീലനം

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ മഞ്ചേരി, പയ്യനാടുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ റബ്ബർ പാലിൽ നിന്നും ഡ്രൈ റബ്ബറിൽ നിന്നും ഉൽപന്നങ്ങൾ നിർമ്മിച്ച് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് താൽപര്യമുള്ളവർക്ക് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനം നടത്തും. സെപ്തംബർ അവസാനവാരത്തിൽ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 531/-രൂപ രജിസ്ട്രേഷൻ ഫീസ് നൽകി സെപ്തംബർ 22 നകം പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്. അസിസ്റ്റന്റ്

ഡയറക്ടർകോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ പയ്യനാട് (പി.ഒ), മഞ്ചേരി, മലപ്പുറം.പിൻ 676122. വിലാസവുമായി ബന്ധപ്പെടുക. ഫോൺ :0483 2768507.ഫോർമാൻ (റബ്ബർ) 9846797000 ഫോർമാൻ (ടൂൾറൂം) 8547699185.

## സ്മാർട്ട് ക്ലാസ് റൂമിന് 4.26 ലക്ഷം അനുവദിച്ചു

ജില്ലയിലെ മൂന്ന് പ്രാഥമിക വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്റൂം സംവിധാനം ഒരുക്കാൻ എം.രാജഗോപാലൻ എം.എൽ.എയുടെ ഫണ്ടിൽ നിന്നും ജില്ലാ കളക്ടർ 4.26 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ലാപ്ടോപ്, പ്രൊജക്ടർ, മൾട്ടിമീഡിയ സ്പീക്കർ തുടങ്ങിയവ ഇതുവഴി വിദ്യാലയങ്ങളിൽ ഒരുക്കും.

പീലിക്കോട് പഞ്ചായത്തിലെ ഓലാട്ട് കെ.കെ.എൻ.എംഎയുപിസ്ക്കൂളിന് 142220 രൂപയും,പാടിക്കീൽ ഗവ.യൂപിസ്ക്കൂളിന് 213330 രൂപയും, നീലേശ്വരം മുൻസിപ്പാലിറ്റി യിലെ പാലായി എഎൽപി സ്ക്കൂളിന് 71110 രൂപയുമാണ് അനുവദിച്ചത്.

## എം.പി ഫണ്ടിൽനിന്നും 57 ലക്ഷംരൂപയുടെ വികസന പ്രവൃ ത്തിക്ക് അനുമതി

ജില്ലയിലെ വിവിധ കോളനി ഉൾപ്പെടെയുള്ളവയുടെ ടാറിംങ്, കെട്ടിട നിർമ്മാ ണം, വാഹന സംവിധാനം തുടങ്ങിയ വികസന പ്രവൃത്തിക്ക് ജില്ലാ കളക്ടറുടെ ഭര ണാനുമതിയായി. പി.കരുണാകരൻ എം.പിയുടെ വികസന ഫണ്ടിൽ നിന്നാണ് ഇവ യ്ക്കുള്ള തുക അനുവദിച്ചത്.

കയ്യൂർ-ചീമേനി പഞ്ചായത്തിലെ നാലുകുന്ന് പട്ടിക വർഗ്ഗ കോളനി റോഡ് ടാറിംങ്ങിന് 7 ലക്ഷം രൂപയുടെയും, പീലിക്കോട് പഞ്ചായത്തിലെ ഒറോട്ടിച്ചാൽ പട്ടിക വർഗ്ഗ കോളനി റോഡ് ടാറിംങ്ങിന് 10 ലക്ഷം രൂപയും അനുവദിച്ചു. കാഞ്ഞങ്ങാട് കേന്ദ്രീയ വിദ്യാലയ റോഡ് ടാറിംങ്ങിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബേഡഡുക്ക പഞ്ചായത്തിലെ കാമലം നവോദയ വായനശാലയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 9 ലക്ഷം രൂപയും വകയിരിത്തിയിട്ടുണ്ട്. ഉപഭോക്തൃവിഹിതമായി 2.70 ലക്ഷം രൂപയും കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കും.

ജി.എച്ച് എസ് കാലിച്ചാനടുക്കത്തിന് ബസ് വാങ്ങാൻ 14 ലക്ഷം രൂപയും. പൊതാവൂർ എയുപി സ്ക്കുളിന് ബസ് വാങ്ങുന്നതിന് 12 ലക്ഷം രൂപയും അനുവദിച്ചി ട്ടുണ്ട്. യഥാക്രമം 1.40 ലക്ഷം രൂപ, 302464 രൂപ എന്നിങ്ങനെ പിടിഎ ഫണ്ടും ഇതിന് വിനിയോഗിക്കും.

## പ്രളയക്കെടുതി ; വിവരശേഖരണത്തിന് റീബിൽഡ് കേരള മൊബൈൽ ആപ്പ് സംവിധാനം തയ്യാറായി

പ്രളയദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിന് ഐടി വകുപ്പിന്റെ നേതൃത്വത്തിൽ റീബിൽഡ് കേരള മൊബൈൽ ആപ്പ് സംവിധാനം തയ്യാറായി. വീടുകൾ പൂർണ്ണമായും നഷ്ടപെട്ടവർ, വീടും പുരയിടവും നഷ്ടമായ വർ, ഭാഗികമായി വീടുതകർന്നവർ എന്നിങ്ങനെ ആപ്പിൽ വിവരങ്ങൾ രേഖപെടുത്താ വുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന വളണ്ടിയർമാരെ ഉപയോഗിച്ചാണ് ഡിജിറ്റൽ വിവര ശേഖരണം നടത്തുക.

നാശനഷ്ടങ്ങളെ പ്രത്യേകമായി തരം തിരിച്ചിട്ടുണ്ട് . 75 ശതമാനത്തിൽ കൂടുത ലുള്ള നഷ്ടത്തെ പൂർണ്ണ നഷ്ടമായി കണക്കാക്കും. 15 ശതമാനം, 16 മുതൽ 30 ശത മാനം, 31 മുതൽ 50 ശതമാനം, 51 മുതൽ 75 ശതമാനം എന്നിങ്ങനെയാണ് തരം തിരി വ്. സാങ്കേതിക മികവുള്ള സന്നദ്ധ പ്രവർത്തകർക്ക് രജിസ്റ്റർ ചെയ്യാനും

താത്പര്യമുള്ള തദ്ദേശസ്ഥാപനം രേഖപ്പെടുത്താനും [www.volunteers.rebuild.kerala.gov.in](www.volunteers.rebuild.kerala.gov.in) എന്ന പോർട്ടലിൽ സൗകര്യമുണ്ട്.

(അവസാനിച്ചു)